(ബി) തസ്തികകളുടെ പേര്, ഒഴിവുകൾ നിലവിൽ വന്ന തീയതി എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

ഡെപ്യൂട്ടി ജനറൽ മാനേജർ-1-9-2014

ബ്രാഞ്ച് മാനേജർ- 22-7-2019

ക്ലാർക്ക്/കാഷ്യർ-22-7-2019

പ്യൂൺ-25-2-2015

(സി) ഇവയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ?

ക്ലാർക്ക്/കാഷ്യർ തസ്തികയിലെ 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്.

(ഡി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ക്ലാർക്ക്/കാഷ്യർ, പ്യൂൺ തസ്തികകളിലെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)നം. 27938/19, ഡബ്ല്യൂ.പി.(സി)നം. 34299/19, ഡബ്ല്യൂ.പി.(സി)നം. 27908/19 എന്നീ കേസുകൾ പെന്റിംഗിലുണ്ട്. പ്യൂൺ തസ്തികയിലെ നിയമനം സംബന്ധിച്ച് നിലനിന്നിരുന്ന ഡബ്ല്യൂ.പി.(സി)നം. 5838/14, ഡബ്ല്യൂ.പി.(സി)നം. 1331/20 എന്നീ കേസുകളിൽ 4-2-2020-ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വേക്കൻസി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷൻ

265(3697) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷന് നിയന്ത്രണമേർപ്പെടുത്തിയതോടെ വൃദ്ധരും, ഭിന്നശേഷിക്കാരും രോഗികളുമായവർ സ്വത്തുക്കൾ കൈമാറുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിർബന്ധമാക്കിയതുമൂലം കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള ഇത്തരക്കാർക്ക് ഭൂമി കൈമാറ്റം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിന് എന്തെങ്കിലും പുതുക്കിയ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായത് ശ്രദ്ധയിൽപ്പെട്ടതിനാൽ, വാസസ്ഥല രജിസ്ട്രേഷൻ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ലെന്ന് എല്ലാ രജിസ്റ്ററിംഗ് ഓഫീസർമാർക്കും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ

266(3698) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് ഏതൊക്കെ നിയമങ്ങളാണ് നിലവിലുള്ളത്?

നിലവിൽ കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നത് 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955-ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് എന്നിവ പ്രകാരമാണ്.

(ബി) ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷന് സംസ്ഥാനത്ത് ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്.

(സി) ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പരിശോധിച്ചു വരുന്നു.

രജിസ്ട്രേഷൻ അഴിമതി രഹിതമാക്കാൻ നടപടി

267 (3699) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. അബ്ദുൽ ഹമീദ്. പി:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനും ഓരോ

LIBRARY ARCHIVES Kerala Legislative Assembly